# സാറാജോസഫിന്റെ 'കാടിന്റെ സംഗീതം' ഒരു പാരിസ്ഥിതികവായന

**ഡോ. ബീനാകൃഷ്ണൻ എസ്. കെ.**
അസ്സോസിയേറ്റ് പ്രൊഫസർ,
ഗവൺമെന്റ് കോളേജ്, നെടുമങ്ങാട്
Email: beena.s.krishnan@gmail.com

**സംഗ്രഹം**

പ്രകൃതിയെ പശ്ചാത്തലമാക്കിയുള്ള സാഹിത്യരചനകൾ മുൻകാലങ്ങളിൽ ധാരാളമായിട്ടുണ്ടെങ്കിലും പാരിസ്ഥിതികചിന്തകളെ ആസ്പദമാക്കിയുള്ള രചനകൾ സമീപകാലത്താണ് കൂടുതൽ ശ്രദ്ധനേടുന്നത്. ഈ സാഹചര്യത്തിലാണ് 'കാടിന്റെ സംഗീതം' എന്ന സാറാജോസഫിന്റെ കഥാസമാഹാരം പഠനവിധേയമാകുന്നത്. സ്ത്രീപക്ഷരചനകൾ എന്ന നിലയ്ക്ക് പരിഗണിക്കപ്പെടുന്ന കൃതികളിൽ നിരവധി പാരിസ്ഥിതികബിംബങ്ങൾ കാണാം. മനുഷ്യമനസ്സിന്റെ വ്യത്യസ്ത തലങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുന്ന പതിനാറു കഥകളാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. പെൺപ്രകൃതിയുടെ കൂടിച്ചേരലുകളാണ് ഈ കഥകളിലുടനീളം കാണുന്നത്. പ്രകൃതിബിംബങ്ങളുടെ ഭാവപ്പകർച്ചകൾ മനുഷ്യമനസ്സിനെ എപ്രകാരം നിയന്ത്രിക്കുന്നു എന്ന് ഈ കഥകളിലൂടെ വ്യക്തമാക്കുന്നു.

**താക്കോൽവാക്കുകൾ:** പാരിസ്ഥിതികചിന്ത, പാരിസ്ഥിതികവായന, പാരിസ്ഥിതികബോധ്യം, സ്ത്രീമനസ്സ്, പ്രകൃതിബിംബം, പാരിസ്ഥിതികത.

സ്ത്രീയുടെ പ്രകൃതിയും പ്രകൃതിയുടെ പെൺമയും ആദിജലമായി ചുരത്തുന്ന കഥാലോകമാണ് സാറാജോസഫിന്റേത്. പ്രകൃതിയുടെ മനസ്സിനേയും സ്ത്രീമനസ്സിനേയും സ്ഥിരം ചുഴിക്കുറ്റികളിൽ നിന്ന് തുറന്നിരുന്ന രീതിയെ അട്ടിമറിച്ചുകൊണ്ട് വികേന്ദ്രീകൃതവും രാഷ്ട്രീയോന്മുഖവുമായ ഒരു തുറന്നിടൽ അവരുടെ കഥകളുടെ അപൂർവ്വതയാണ്. സ്ത്രീപക്ഷരചനകളായിട്ടാണ് സാറാജോസഫിന്റെ കൃതികൾ പൊതുവേ അറിയപ്പെടുന്നത്. എന്നാൽ സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ഇഴപിരിയാനാകാത്ത ഇടപെടലുകളെ മുൻനിർത്തി പ്രകൃതിക്ക് പ്രാധാന്യം നൽകിക്കൊണ്ട്

'കാടിന്റെ സംഗീതം' എന്ന കഥാസമാഹാരത്തിൽ പാരിസ്ഥിതികവായന സാധ്യമാക്കുന്നു. പതിനാറ് കഥകളുടെ സമാഹാരമാണ് 'കാടിന്റെ സംഗീതം'. മനപ്രകൃതിയും പ്രകൃതിമനസ്സും ഒരേ താളലയത്തിലേക്ക് സമ്മേളിക്കുന്ന നവ്യാനുഭൂതി ഓരോ കഥയും പ്രദാനം ചെയ്യുന്നു. പാരിസ്ഥിതികബോധ്യങ്ങൾ അത്രയൊന്നും ശക്തമാകാതിരുന്ന കാലങ്ങളിൽ പൊറ്റെക്കാട്, തകഴി എന്നിവരെപ്പോലെയുള്ള മിക്ക സാഹിത്യകാരന്മാരും മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തെ അരക്കിട്ടുറപ്പിക്കുന്ന രീതിയിൽ രചനകൾ നടത്തിയിട്ടുണ്ട്. പ്രത്യേകിച്ചും കഥകളിൽ.

'കാടിന്റെ സംഗീതം' എന്ന കഥാസമാഹാരത്തെ അവലംബമാക്കിയാണ് ഈ പ്രബന്ധം തയ്യാറാക്കിയിട്ടുള്ളത്. ഭർത്താവിനെയും മക്കളെയും അമിതമായി സ്നേഹിക്കുന്നതോടൊപ്പം സ്വതന്ത്രമാകാനുള്ള സ്ത്രീമനസ്സിന്റെ വിഹ്വലതകളാണ് ഒന്നാമത്തെ കഥയിലെ പ്രതിപാദ്യം. പ്രപഞ്ചത്തിന്റെ പച്ചയിൽ അവളുടെ സ്വപ്നങ്ങളുടെ വർണ്ണരേണുക്കൾ ഇളകിക്കളിക്കാൻ തുടങ്ങി. മനഃപൂർവ്വം മെനഞ്ഞുണ്ടാക്കുന്ന ആ മനോഹരമായ ദൃശ്യത്തിൽ മുഴുകിയങ്ങനെ നിൽക്കേ അവളുടെ വിടർന്ന കൺപീലികൾക്കിടയിലൂടെ മെല്ലെ മെല്ലെ നനുത്ത നൂൽ വല കെട്ടിത്തുടങ്ങിയത് ഏതു ചിലന്തിയാണാവോ? കൺപീലികളിന്മേൽ നെയ്തുകെട്ടുന്ന ആ വലക്കണ്ണികളിൽ മഞ്ഞുളുവലുകൾ പറ്റി മിന്നുന്നതിനിടയിൽക്കൂടി അവളുടെ ഇരുണ്ട ഹൃദയത്തിലേക്ക് ചൂണ്ടുന്ന പ്രപഞ്ചത്തിന്റെ ഹർഷംപോലെ ചൈതന്യമാർന്ന നോട്ടം അവൾ വീണ്ടും കണ്ടു എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നുതന്നെ നമുക്കിത് മനസ്സിലാക്കാം.

കാട്ടിൽ വീഴുന്ന വെളിച്ചം പോലെ വീടിന്റെ സംഗീതത്തെ കീഴടക്കുന്ന കാടിന്റെ ഉച്ചശ്രുതി പോലെ അവളുടെ കാതിൽ വീണ ശബ്ദം ജലതരംഗങ്ങളായി ഇപ്പോഴും അവളുടെ ഹൃദയത്തിൽ അനുരണനം ചെയ്യുന്നു. 'എന്തിനെന്റെ മനസ്സിന്റെ രാഗധൂളികൾ അപഹരിച്ചു?' മനസ്സിൽ പൊഴിയുന്ന രാഗധൂളികൾ! വർണ്ണരേണുക്കൾ! മുഖത്തുനിന്നും വിരലുകളകറ്റി അമേയമായൊരു സംഗീതത്തിന്റെ ഹർഷത്തിൽ വിറയാർന്ന് അവൾ കണ്ണുകൾ വിടർത്തിനോക്കി. അതീവലോലമായി വിറകൊള്ളുന്ന ശരീരത്തിന്റെ ഭാരം താങ്ങരുതാത്തവണ്ണം അവളുടെ ഹൃദയം തീരെ ദുർബലമായി. അവളൊരു സംഗീതമായി മാറിയിട്ടെന്നപോലെ സ്വന്തം മനസ്സിന്റെ നാദത്തിലലിയാൻ തുടങ്ങി. പാതിമങ്ങലിൽ മൂടിപ്പോയ പ്രകൃതിയെ നോക്കിനിൽക്കേ അവളുടെ കൺപീലികളിന്മേൽ താമരനൂൽപോലെ കണ്ണീരിറ്റുവീഴാൻ തുടങ്ങി.. മുരടിച്ചു പോകരുത് കുട്ടീ, എനിക്കതു മാത്രമേ പറയാനുള്ളൂ എന്നു പ്രകൃതി ആശ്വസിപ്പിക്കുന്നതുപോലെ അവൾക്ക് തോന്നിയതായിട്ടാണ് കഥാകാരി അവതരിപ്പിച്ചിരിക്കുന്നത്. പക്ഷേ പെട്ടെന്ന് തന്നെ എല്ലാറ്റിൽ നിന്നും വീടിന്റെ (കുടുംബം) സംഗീതം അവളെ പിൻവലിക്കുന്നു. കുടുംബമെന്ന കെട്ടുപാടിൽ നിന്നും സ്ത്രീയ്ക്ക് ഒരിക്കലും വ്യതിചലിക്കാനാവില്ല എന്ന തത്വമാണ് ഇവിടെ ആവിഷ്കരിക്കപ്പെടുന്നത്. അവളുടെ മനസ്സിലെ വികാരവിചാരങ്ങളെ അടുത്തറിഞ്ഞ് ആശ്വാസമേകാനോ, മനസ്സിലാക്കാനോ ആർക്കും കഴിയുന്നില്ല എന്നുള്ളതും വിചിന്തനം ചെയ്യപ്പെടേണ്ട വസ്തുതയാണ്.

'താഴ്വര' എന്ന കഥയിൽ നാടും വീടും വിട്ട് അന്യനാട്ടിൽ ചേക്കേറുകയും പിന്നീട് വർഷങ്ങൾ കഴിഞ്ഞ് നാട്ടിൽ തിരിച്ചുവരികയും ചെയ്യുന്ന 'സൈമന്റെ' വിചാരധാരയാണ് ആവിഷ്കരിക്കുന്നത്. ഏതോ ദുഃഖസ്മൃതിയും പേറി നാടിന്റെ ഊഷ്മളതയിലേക്ക് തിരിച്ചെത്തുന്ന സൈമണ് സ്വന്തം വീട് പോയ കാലത്തിന്റെ തീരാവേദനയാണ്. തന്നോടൊപ്പം ഇവിടെ കഴിഞ്ഞ ആനിയെക്കുറിച്ച് എല്ലാവർക്കും നല്ലതു മാത്രമേ പറയാനുണ്ടായിരുന്നുള്ളൂ. കൃഷിയെയും

പ്രകൃതിയേയും സ്നേഹിച്ചിരുന്ന സൈമണും ആനിയും പെട്ടെന്നൊരു ദിവസം യാത്രയാകുകയായിരുന്നു. കുഴപ്പം പിടിച്ച ഒരുതരം കാര്യങ്ങൾ സൈമണേയും ആനിയേയും ചൂഴ്ന്നുനിന്നിരുന്നുവെന്നും അവരുടെ ഉള്ളിലേക്ക്, ശരിക്കും അവരെന്താണെന്ന സത്യത്തിലേക്ക് കടന്നു ചെല്ലാൻ ആർക്കും കഴിയുമായിരുന്നില്ല. ഒരനിശ്ചിതത്വം! അതവർക്ക് ചുറ്റും എപ്പോഴുമുണ്ടായിരുന്നു. നല്ലപോലെ മനസ്സിലാക്കാൻ കഴിയുന്നുണ്ടെന്നു നമ്മെക്കൊണ്ടു തോന്നിപ്പിക്കുന്ന എന്നാൽ തീരെ മനസ്സിലാക്കാൻ പറ്റാത്ത ആളുകളായിരുന്നു അവർ. ഇങ്ങനെ മനുഷ്യമനസ്സിന്റെ സങ്കീർണ്ണതകളിലേക്കും അതുണ്ടാക്കുന്ന വിഷമതകളിലേക്കും വിരൽ ചൂണ്ടുന്നതാണ് ഈ കഥ. കല്ലുകൾ ഇളകി അടർന്നുപോയ മതിലിന്നപ്പുറത്ത് ഇരുട്ടിൽ അയാളുടെ മനസ്സിലെ ദുഃഖം പോലെ തന്നെ സമൂർത്തമായി അയാളുടെ തറവാട്. അന്ന് തനിക്കും ആനിക്കും സന്തോഷമേകിയിരുന്ന തറവാടും പരിസരവും പെട്ടെന്ന് അയാളെ ദുഃഖസ്മൃതിയിലാക്കി.

പ്രകൃതിയും മനുഷ്യമനസ്സും തമ്മിലുള്ള ഇഴയടുപ്പം സാറാജോസഫിന്റെ ഈ കഥാസമാഹാരത്തിന്റെ മുഖമുദ്രയാണ്, ഇതിലെ എല്ലാ കഥകളിലും അത് നന്നായി പ്രതിഫലിക്കുന്നുണ്ട്. 'ആകാശം' എന്ന കഥയിലെ കഥാപാത്രങ്ങളായ ആനിയും സൈമണും ഇതിനുദാഹരണങ്ങളാണ്. എന്തിലും വേരുറപ്പിച്ചു നിർത്താൻ കഴിയുന്ന മനസ്സാണ് സൈമന്റേത്. അയാൾ അത്യാഹ്ലാദത്തോടെ ഈ നിമിഷത്തിൽ ജീവിക്കാനുള്ള തീവ്രമായ അഭിലാഷത്തോടെ ആനിയുടെ തോളിൽ കൈയിട്ട് നടക്കാൻ തുടങ്ങി, നിരപ്പിൽ നിന്ന് കുന്നിൻചരുവിലേക്കിറങ്ങുന്ന ഒറ്റയടിപ്പാതയിലെത്തിയപ്പോൾ അയാൾ ആനിയുടെ കൈയിൽ മുറുകെപ്പിടിച്ചു. വഴിനിറയെ മയമുള്ള ഉരുളൻ കല്ലുകൾ ഇളകിക്കിടക്കുന്നു. ആനിയുടെ ചെരിപ്പുകൾ അവയിൽ തെന്നിപ്പോകാറുണ്ട്. ഒറ്റയടിപ്പാതക്കിരുവശത്തും പൂത്തുലഞ്ഞ പുല്ലാനിക്കാടുകൾ തീക്ഷ്ണസുഗന്ധം പരത്തി സന്ധ്യയുടെ നിഴലധികമായ വെളിച്ചം കുന്നിനെ പൊതിഞ്ഞുകിടന്നു. പുല്ലാനിക്കാടുകൾക്കപ്പുറം കാട്ടപ്പയുടെ വനമായിരുന്നു. കാട്ടപ്പയുടെ നീലകലർന്ന വെണ്മയുള്ള പൂക്കൾ താഴ്‌വരയിൽ മഞ്ഞുവീണ കനത്തപോലെ പരന്നുകിടന്നു. എന്നാൽ ആനിയുടെ മനസ്സ് മൂകമായിരുന്നു. 'നിങ്ങൾ ജീവിതത്തിൽ നിന്ന് ഒരുപാടു പ്രതീക്ഷിച്ചുകൂട്ടുന്ന പ്രകൃതക്കാരനാണ് കേട്ടോ സൈമൻ അതു മോശമാണ്.' ആനിയുടെ ഈ വാക്കുകളിൽ നിന്നും നമുക്കു മനസ്സിലാകുന്നത്, ഒന്നിലും ഉറച്ചുനിൽക്കാത്ത ചരടുപൊട്ടിയ പട്ടം പോലെയാണ് അവരുടെ മനസ്സെന്നാണ്. സ്ത്രീമനസ്സിന്റെ മൃദുലഭാവങ്ങളും ഇടയ്ക്കിടെയുണ്ടാകുന്ന ചാഞ്ചാട്ടങ്ങളും കഥാകാരി ഇതിലൂടെ വരച്ചുകാട്ടുന്നു.

പക്ഷികളെ വേട്ടയാടിപ്പിടിച്ച് അതിന്റെ സ്വാഭാവിക ജീവിതത്തെ ഇല്ലാതാക്കുന്ന മനുഷ്യന്റെ സ്വാർത്ഥമായ നടപടികളാണ് 'കാടക്കിളികൾ' എന്ന കഥയിലെ പരാമർശം. മാംസം വറുത്തു തിന്നാൻ തുടങ്ങുമ്പോൾ എണ്ണതീർന്നുപോയെന്ന സത്യം മനസ്സിലാക്കി അയാൾ എണ്ണക്കുപ്പിയുമായി പുറത്തിറങ്ങുന്ന വേളയിൽ തോപ്പുവീശാൻ പോയ പെണ്ണുങ്ങൾ കശുമാവിന്റെ ഉണങ്ങിയ കൊമ്പും ചില്ലയും വാരിക്കെട്ടിയ ഭാരമുള്ള വിറകുകെട്ടുകളുമായി കുന്നിറങ്ങുന്നതും മണിയും കിലുക്കി കുളമ്പടിച്ച് ഓടിപ്പോകുന്ന ആട്ടിൻക്കൂട്ടവും കാട്ടുവള്ളികളിൽ കോർത്തിട്ടു തൂടുത്ത കശുമാങ്ങ മാലകൾ തോളത്ത് തൂക്കി വരുന്ന കുട്ടികളും അയാളുടെ കൗതുകക്കാഴ്ചകളായി. കടയിൽനിന്നും ഇറങ്ങുമ്പോൾ യാദൃശ്ചികമായി അയാൾക്ക് പോസ്റ്റ്മാനിൽ നിന്നും ഒരു കത്ത് ലഭിക്കുന്നു. കത്ത് വായിച്ച അയാൾ യാന്ത്രികമായി പള്ളിയിലേക്കും അവിടെനിന്നും വീട്ടിലേക്കും എത്തുന്നു. മനസ്സ് കൈവിട്ടുപോയ അയാൾ തന്റെ ഭൂതകാലത്തിലേക്ക് സഞ്ചരിക്കുകയും

നഷ്ടബോധത്തിന്റെ തീച്ചൂളയിലെരിയുകയുമാണ്. അദ്ദേഹത്തിന്റെ ഓർമ്മകളിൽ സാറയും മക്കളും ചെളി നിറഞ്ഞ വയൽവരമ്പും തെളിഞ്ഞ ആകാശവും ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്നു.

ഇരുട്ടുകുത്തി ആർത്തലച്ച് പുകമഞ്ഞുപിടിച്ച് പെയ്യുന്ന മഴയിൽ കളിവഞ്ചിയുണ്ടാക്കി കളിക്കുന്ന കുട്ടികളും അവരുടെ ആഗ്രഹം നിഷ്ക്കരുണം തള്ളിക്കളയുന്ന പിതാവും കണ്ണുനീർ മഴത്തുള്ളിയിലലിയിച്ച് കളയുന്ന ദുർബലയായ അമ്മയും ഇവരുടെ ചിത്രങ്ങളാണ് 'മഴ' എന്ന കഥയിൽ കഥാകാരി വരച്ചിടുന്നത്. മഴയിൽ നിന്നും രക്ഷിച്ചെടുത്ത കിളിക്കുഞ്ഞിനെ ഭർത്താവിന്റെ പരിഹാസമേറ്റ് താൻപോലും അറിയാതെ കൈക്കുള്ളിലിട്ട് ഞെരിച്ചമർത്തി. കിളിന്ത് എല്ലുകൾ ഞെരിയുന്ന ശബ്ദം കേട്ട് അവൾ ഞെട്ടി. ഉള്ളംകൈയിൽ തുറിച്ച കണ്ണുകളോടെ കിളിക്കുഞ്ഞ് പിടഞ്ഞപ്പോൾ അവൾ അമ്പരന്ന് കൈ കുടഞ്ഞു. ഒരു കൊലപാതകിയുടെ വിഭ്രാന്തി അവളിലേക്കിരച്ചു കയറി. കിളിക്കുഞ്ഞിന്റെ നനഞ്ഞ പൂട തന്റെ കൈകളിൽ പറ്റിപിടിച്ചിരിക്കുന്നുവെന്ന് അവൾക്കു തോന്നി. പെട്ടെന്ന് സുബോധത്തിലേക്ക് തിരിച്ചുവന്ന അവൾക്ക് തന്റെ കുഞ്ഞുങ്ങളെ കെട്ടിപ്പിടിക്കണമെന്ന് ഉൽക്കടമായ ആഗ്രഹം തോന്നി. ഉറങ്ങുന്ന കുട്ടികളുടെ മുഖം അവളെ വീണ്ടും കിളിക്കുഞ്ഞിനെ ഓർമ്മിപ്പിച്ചു. ഞെരിഞ്ഞ കിളിന്ത് എല്ലുകളും രോമവും തന്റെ കുട്ടികളുടേതാണെന്ന് അവൾ സങ്കല്പിച്ചു. മനുഷ്യമനസ്സിന്റെ നിർവചിക്കാനാവാത്ത ഭാവപ്പകർച്ചകളാണ് ഈ കഥയിലൂടെ വ്യക്തമാകുന്നത്.

'സമവൃത്തം' എന്ന കഥയിൽ പ്രായത്തേക്കാൾ പക്വത തോന്നുന്ന ആറുവയസ്സുകാരൻ രഞ്ജിയും അധ്യാപികയായ സുലേഖയും തമ്മിലുള്ള സംഭാഷണവേളകളിൽ മഞ്ഞച്ചെമ്പരത്തി സദാകടന്നുവരാറുണ്ട്. 'രഞ്ജിയെ പരിചയപ്പെട്ട പ്രഭാതത്തിലും മഞ്ഞച്ചെമ്പരത്തി നിറയെ പൂക്കളുണ്ടയിരുന്നു'. ഇത്തരം പരാമർശങ്ങൾ ഈ കഥയിൽ അങ്ങിങ്ങ് കാണാം. ഭർതൃഗൃഹത്തിൽ നേരിടേണ്ടിവന്ന അസ്വാതന്ത്ര്യം പൂർവ്വകാല ജീവിതത്തിന്റെ ഓർമ്മകളിലേക്ക് സഞ്ചരിക്കാൻ അവളെ നിർബന്ധിതയാക്കുന്നു. ആ നനുത്ത ഓർമ്മകൾ ചുറ്റുമുള്ള പ്രകൃതിദൃശ്യങ്ങളോട് ചേർന്നുകിടക്കുന്നു. സ്ത്രീമനസ്സിന്റെ ഇത്തരം ചിന്തകൾ വിശകലനം ചെയ്യുന്ന കഥയാണ് 'ഒരു രാത്രി അനേകം രാത്രി.' മെയ് മാസത്തിന്റെ ഒടുവിൽ പെയ്തേക്കാവുന്ന മഴയും അതിനെ വഹിക്കുന്ന മേഘങ്ങളും അവളുടെ ഓർമ്മകളിൽ നിറഞ്ഞുനിന്നു. കാറ്റുപോലെ പാഞ്ഞുപോയ കിഴവനും പരുത്തിയുടെ മണം പരത്തുന്ന മകനും 'ജ്വാല' എന്ന കഥയിലെ നേർച്ചിത്രങ്ങളാണ്. 'ഒരു ഉച്ചയ്ക്കുശേഷം' എന്ന കഥയിൽ എല്ലാറ്റിനോടും നികൃഷ്ടമായി വെറുപ്പ് വച്ചുപുലർത്തുന്ന ഒരു സ്ത്രീ. എല്ലാം പതിവുപോലെ തുടങ്ങുന്നു. പതിവുപോലെ അവസാനിക്കുന്നു. 'അകൃത്രിമമായ ഒന്ന്, പച്ചയായ ഒന്ന്, നാട്യമല്ലാത്ത ഒന്ന്,' എന്താണവൾ ചെയ്യുക? മാറിയും മറിച്ചും തിരിച്ചുവയ്ക്കുന്ന പൊടിയൂതിക്കളഞ്ഞ് പുത്തനാക്കാൻ നോക്കുന്ന അലങ്കാരവസ്തുവാണ് അവൾക്ക് ജീവിതം. ചുവടെ താഴ്‌വാരങ്ങളിലും മലയുടെ പള്ളയ്ക്കുള്ളിലും കാണുന്ന വഴിപാടുകാർ, ചെങ്കുത്തായ കയറ്റം കയറി, പാറപ്പുറത്ത് മലർന്ന് കിടക്കുന്ന വൃദ്ധൻ, വഴിപാടിനെക്കുറിച്ച് പിറുപിറുക്കുന്ന പെൺകുട്ടി ഇങ്ങനെ നിരവധി ദൃശ്യബിംബങ്ങൾ 'തീർത്ഥാടനം' എന്ന കഥയ്ക്ക് മാറ്റുകൂട്ടുന്നു. കൂടാതെ നിശ്ശബ്ദത, തീവീഴ്ച, സ്വപ്നത്തിന്റെ ദ്രുവലുകൾ, ട്രെയ്ൻ എന്നീ കഥകളും കൂടി ഈ സമാഹാരത്തിലുണ്ട്.

ആദിമകാലം മുതൽ മനുഷ്യർ പ്രകൃതിയോടിണങ്ങിയാണ് അവന്റെ ജീവിതം മുന്നോട്ടു നയിക്കുന്നത്. മനുഷ്യമനസ്സിന്റെ ചലനങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും പ്രകൃതിയോടി

ണങ്ങി നിൽക്കുന്നു. ജീവന്റെ തുടിപ്പ്, പുൽനാമ്പുകളുടെ കുളിർമ്മ, ആകാശത്തിന്റെ നീലിമ, സമുദ്രത്തിന്റെ അപാരത, ജലാശയങ്ങളുടെ വർണ്ണഭംഗി, കാറ്റിന്റെ നനുത്ത സ്പർശം, ഭൂമിയുടെ പച്ചപ്പ്, മുളന്തണ്ടുകളുടെ സംഗീതം, പക്ഷികളുടെ കളകളാരവം, ഇവയെല്ലാം മനുഷ്യജീവിതത്തെ ആഴത്തിൽ സ്പർശിച്ചിട്ടുള്ള ഘടകങ്ങളാണ്. കാറ്റിന്റെ ഹുങ്കാരവും തിരമാലകളുടെ അലർച്ചയും പൊട്ടിയൊലിക്കുന്ന ലാവാപ്രവാഹവും ആർത്തലയ്ക്കുന്ന പേമാരിയും മനുഷ്യനെ പലപ്പോഴായി തകർത്തെറിഞ്ഞിട്ടുണ്ടെങ്കിലും അവന്റെ സ്വാഭാവിക ജീവിതത്തിലേക്ക് തിരിച്ചുവരാൻ പ്രകൃതി പുതിയ മാർഗ്ഗങ്ങൾ തുറന്നിടുന്നു. ഈ പാരിസ്ഥിതികത നിലനിൽക്കേണ്ടത് മനുഷ്യന്റേയും മറ്റു ജീവജാലങ്ങളുടെയും ആവശ്യമാണ്. കാടിന്റെ സംഗീതം, വീടിന്റെ സംഗീതമായി മാറ്റാനുള്ള ഊർജ്ജം ഈ കഥകളിലൂടെ സ്വായത്തമാകുന്നു.

### കുറിപ്പുകൾ

1. കാടിന്റെ സംഗീതം- സാറാജോസഫ്, പേജ് 31
2. അതേ പുസ്തകം - പേജ് 71

### സഹായക ഗ്രന്ഥങ്ങൾ

1. വർണ്ണരാജി -ഡോ. എം ലീലാവതി, സാഹിത്യപ്രവർത്തക സഹകരണ സംഘം, 1977, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
2. ചെറുകഥ : ഇന്നലെ, ഇന്ന് , പ്രൊഫ. എം. അച്യുതൻ, 2007, ഡി.സി ബുക്സ്, കോട്ടയം.
3. പരിസ്ഥിതി, ദലിതെഴുത്ത്, പെണ്ണെഴുത്ത്- ദർശനവും പ്രയോഗവും, എഡിറ്റർ ജോയ് ജോസഫ്, 2019, കേരള സർവ്വകലാശാല പ്രസിദ്ധീകരണം.
4. കാടിന്റെ സംഗീതം -സാറാ ജോസഫ്, ഒന്നാംപതിപ്പ്, ഏപ്രിൽ 1979, ഡി.സി ബുക്സ്, കോട്ടയം.